ആവർത്തിക്കാതിരിക്കാനുള്ള സജ്ജീകരണങ്ങളും ക്രമീകരണങ്ങളും ഉണ്ടാകണം. ദുരന്തത്തിൽ മരണപ്പെട്ടവരുടെ അയ്യപ്പഭക്തരുടെ കുടുംബാംഗങ്ങളോട് എന്റേയും ഞാൻ പ്രതിനിധാനം ചെയ്യുന്ന എന്റെ പാർട്ടിയുടേയും അനുശോചനവും ദുഃഖവും അറിയിക്കുന്നു. സർക്കാരിന്റെ വീഴ്ചയും അനാസ്ഥയും ഈ ദുരന്തത്തിന് കാരണമാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഏറ്റവും വലിയ ഗുരുതരമായ പ്രശ്നമാണിത്. ഇത് സർക്കാർ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

III ശ്രദ്ധ ക്ഷണിക്കൽ

1. രാഷ്ട്രീയ സംഘർഷങ്ങൾ

ശ്രീ. കെ. പി. മോഹനൻ : സർ, വളരെയധികം പ്രധാനപ്പെട്ടതും മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു ശ്രദ്ധ ക്ഷണിക്കലാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതക പരമ്പരകളും കാരണം സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിൽ തളിപ്പറമ്പ്, കണ്ണൂർ, കൂത്തുപറമ്പ്, പാനൂർ, നാദാപുരം മേഖലകളിലൊക്കെത്തന്നെ നിരവധി അമ്മമാരും സഹോദരിമാരും പിഞ്ചുമക്കളും കണ്ണീരും കഷ്ടപ്പാടുമായി ജീവിതം തള്ളി നീക്കുകയാണ്. കുടുംബത്തിന്റെ താങ്ങും തണലുമായിരുന്ന ഗൃഹനാഥൻ നഷ്ടപ്പെട്ട് അനാഥരാകുന്ന കുടുംബാംഗങ്ങൾ, യൗവനത്തിൽത്തന്നെ വിധവകളായി കണ്ണീരിലും നിത്യദുഃഖത്തിലും കഴിയുന്ന സഹോദരിമാർ, അച്ഛൻ നഷ്ടപ്പെട്ട പിഞ്ചുമക്കൾ, സഹോദരൻമാർ നഷ്ടപ്പെട്ട സഹോദരിമാർ, മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കൾ ഇങ്ങനെ ദുഃഖവും ദുരന്തവും നേരിടുന്ന മക്കളെയും അമ്മമാരെയും സഹോദരിമാരെയും ഇനിയും ദുരിതത്തിലാക്കാതിരിക്കാനും നാടിന് ശാന്തിയും സമാധാനവും സൗഹൃദവും നിലനിർത്താനും ശക്തവും യുക്തവുമായ നടപടികൾ സ്വീകരിക്കണമെന്ന് വളരെ വേദനയോടുകൂടിയാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ സംഘർഷങ്ങൾക്ക് ഒരുപാട് കാരണങ്ങളുണ്ട്. പൊതുസ്ഥലങ്ങളിൽ കൊടിമരങ്ങളും സ്തൂപങ്ങളും സ്ഥാപിക്കുമ്പോഴാണ് പലപ്പോഴും സംഘർഷങ്ങൾ ഉണ്ടാകുന്നത്. ഇത് നിരോധിക്കാൻ നടപടികൾ സ്വീകരിക്കണം. ഇലക്ട്രിക് പോസ്റ്റ്, ടെലഫോൺ പോസ്റ്റ്, കമാനങ്ങൾ തുടങ്ങിയവയിലും സർക്കാർ സ്ഥാപനങ്ങളിലും മറ്റും രാഷ്ട്രീയ പാർട്ടികളുടെ പ്രചരണത്തിനായി എഴുത്തും പോസ്റ്ററുകൾ പതിപ്പിക്കുന്നതും തിരഞ്ഞെടുപ്പ് കാലത്ത് ഒഴിവാക്കുന്നതുകൊണ്ട് സംഘട്ടനങ്ങൾ ഉണ്ടാകുന്നില്ല. കാറികൾക്കും മറ്റും യഥേഷ്ടം വെടിമരുന്ന് വിതരണം ചെയ്യുന്നത് നിയന്ത്രിക്കാനും നിരീക്ഷിക്കാനും നടപടികൾ ഉണ്ടാകണം. ഉത്സവപറമ്പുകളിലും പൊതുപരിപാടികൾ നടത്തുന്ന സ്ഥലവും, ഗൗരവപൂർവ്വം പോലീസ് നിരീക്ഷിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. അക്രമങ്ങൾ മുളയിലേ നുള്ളിക്കളയാൻ നടപടി സ്വീകരിക്കണം. രാഷ്ട്രീയ നേതാക്കളുടെ പ്രകോപനപരമായ പ്രസംഗങ്ങൾ ചിലപ്പോഴൊക്കെ സംഘർഷങ്ങൾ ഉണ്ടാക്കാറുണ്ട്. രാഷ്ട്രീയ സംഘർഷങ്ങൾക്കും കൊലപാതകങ്ങൾക്കും ശേഷം രാഷ്ട്രീയ പാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന പ്രതിപ്പട്ടികകൾക്കനുസരിച്ച് അഡ്ജസ്റ്റ്മെന്റ് അറസ്റ്റ് ഒഴിവാക്കണം. യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനും പരാമവധി ശിക്ഷ നൽകാനും നടപടി സ്വീകരിക്കണം. രാഷ്ട്രീയ കൊലപാതക കേസ്സുകളിലെ പ്രതികൾക്ക് അടിക്കടി നൽകുന്ന പരോൾ അവസാനിപ്പിക്കണം. ആയുധങ്ങൾ റെയ്ഡ് ചെയ്യാനും, ആയുധങ്ങളുമായി പിടിക്കപ്പെടുന്ന പ്രതികൾക്ക് ജാമ്യമില്ലാ കേസ്സുകൾ ചാർജ് ചെയ്യാനും നടപടി സ്വീകരിക്കണം. ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ആയുധ പരിശീലനവും ആയുധ സംഭരണവും നിയമപരമായി നേരിടണം. അക്രമ കാരികൾക്ക് നേരെയുള്ള നടപടികളിൽ പോലീസ് നീതി പാലിക്കണം. അക്രമി കൾക്ക് നേരെ കർക്കശ നിലപാട് സ്വീകരിക്കുമ്പോൾ ബാഹ്യശക്തികളുടെ ഇടപെടൽമൂലം അക്രമികൾ രക്ഷപ്പെടാറുണ്ട്. ചില ഉന്നത ഉദ്യോഗസ്ഥർ സത്യസന്ധവും കർക്കശവുമായ നിലപാട് സ്വീകരിക്കുമ്പോൾ ജൂനിയർ ഉദ്യോഗസ്ഥർ അതിന് അനുകൂലമായ നിലപാടല്ല സ്വീകരിക്കുന്നത്. അതുപോലെതന്നെ തിരിച്ചുമുണ്ട്. ചില സബ് ഇൻസ്പെക്ടർമാർ നല്ല നിലപാട് സ്വീകരിക്കുമ്പോൾ ഉയർന്ന ഉദ്യോഗസ്ഥർ അതിനെതിരെ നടപടി സ്വീകരിക്കുന്നതായി കാണാൻ സാധിക്കും. ആയുധം കണ്ടെത്തുകയും അത് നശിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം ആയുധങ്ങൾ നിർമ്മിക്കുന്ന ഉറവിടം കണ്ടെത്താൻ സമഗ്രമായ അന്വേഷണം നടത്തണം. കണ്ണൂർ ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിൽ വടക്കേ കൊയിലൂരിൽ വച്ച് 125 ബോംബുകളാണ് ഒരു ദിവസം പോലീസ് കണ്ടെടുത്തത്. പോലീസ് ചെയ്തതെന്താണ്? ബോംബുകൾ കൊണ്ട് കേരളാപോലീസ് എന്ന് എഴുതി. അതോടുകൂടി തീർന്നു. അതിന്റെ ഉറവിടം ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. 125 ബോംബുകളാണ് ഒരു പ്രദേശത്തുനിന്ന് കണ്ടെടുത്തത്. അത് ബോംബ് നിർമ്മാണ സ്ഥലമാണ്. ശാശ്വത സമാധാനത്തിനുവേണ്ടിയുള്ള ജനകീയ കൂട്ടായ്മ ഗ്രാമതലത്തിൽ രൂപീകരിക്കണം. രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും മറ്റും ചുമരെഴുത്ത്, പോസ്റ്റർ പതിക്കലൊക്കെ അർദ്ധരാത്രിയാണ് നടക്കുന്നത്. ആരാണ് ഇത് ചെയ്യുന്നത് എന്നറിയില്ല. മേൽവിലാസങ്ങളില്ലാത്ത പോസ്റ്ററുകൾ ആരാണ് പ്രിന്റ് ചെയ്തതെന്നില്ല. ഇത്തരം പോസ്റ്ററുകൾ പതിപ്പിച്ച് ഭീകരത സൃഷ്ടിക്കാനും സംഘട്ടനങ്ങൾ ഉണ്ടാക്കാനും കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന സംഘടനകളുണ്ട്. രാത്രികാലങ്ങളിൽ സംശയാസ്പദമായി കാണുന്ന ആളുകളെ നിരീക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഇത്തരം കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണണം. ഈ അടുത്ത കാലത്താണ് പാനൂരിൽ ഒരു സംഭവമുണ്ടായത്. സോഷ്യലിസ്റ്റ് ജനതയുടെ ആറ് ഓഫീസുകളാണ് തല്ലിത്തകർത്തത്. എന്റെ വീടിനുനേരെ ബോംബെറിഞ്ഞു. ഇതൊക്കെ നടന്നത് ഡിസംബർ 6-ാം തീയതിയാണ്. ഡിസംബർ 6-എന്നുപറയുന്നത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദേശീയ തലത്തെ സംബന്ധിച്ചിടത്തോളം വളരെ സെൻസിറ്റീവ് ഡേ ആണ്. സൂക്ഷ്മമായ നിരീക്ഷണ ത്തിലൂടെ പോലീസ് കണ്ണിലെണ്ണ ഒഴിച്ചുകൊണ്ട് ജാഗ്രതയോടുകൂടി സംരക്ഷണം നൽകണമെന്നുപറയുന്ന ദിവസമാണ്. അന്നാണ് ഈ സംഭവമുണ്ടായത്. എന്നിട്ടുപോലും ഇത് ആര് നടത്തിയെന്നതിനെ സംബന്ധിച്ച് അറിയില്ല. കുറേ ആർ.എസ്.എസ്-കാരെ പിടിച്ചിട്ടുണ്ട്. യഥാർത്ഥ പ്രതികളെ കണ്ടെത്തി കർശന നിലപാട് സ്വീകരിക്കാൻ നടപടിയുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാ നുള്ളത്. അതിലൂടെ ശാശ്വത സമാധാനം നിലനിർത്താനുള്ള നടപടികൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, അദ്ദേഹം ശ്രദ്ധ ക്ഷണിക്കലിൽ ഉന്നയിച്ചത് സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിൽ നടക്കുന്ന രാഷ്ട്രീയ സംഘർഷം സംബന്ധിച്ചാണ്. ഇൻഡ്യയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്രമസമാധാന നില വളരെ മെച്ചപ്പെട്ടതാണ്. 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ക്രമസമാധാന പരിപാലനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ ടുഡേ കേരളത്തെയാണ് മികച്ച ക്രമസമാധാനമുള്ള സ്റ്റേറ്റായി തിരഞ്ഞെടുത്തത്. 2010-ലെ മികച്ച സംസ്ഥാനത്തിനുള്ള ഇൻഡ്യാ ടുഡേ അവാർഡും ക്രമസമാധാന പാലനം പരിഗണിച്ചുകൊണ്ട് കേരളത്തിനാണ് കിട്ടിയത്. 2005-ൽ 10 രാഷ്ട്രീയ കൊലപാതകങ്ങളാണ് കേരളത്തിൽ നടന്നത്. 2009-ആയപ്പോൾ അത് 9 ആയി കുറഞ്ഞു. 2010-ൽ 7 രാഷ്ട്രീയ കൊലപാതകങ്ങളാണ് കേരളത്തിൽ നടന്നത്. കൊലപാതകങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും കേരളത്തിൽ കുറഞ്ഞുവരികയാണ്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഏറ്റവും കുറവ് രാഷ്ട്രീയ കൊലപാതകം നടന്നത് 2010-ലാണ്. കണ്ണൂരിൽ 2009-ൽ 422 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായപ്പോൾ 2010-ൽ അത് 284 ആയി കുറഞ്ഞിട്ടുണ്ട്. കാസർകോഡ് 2009-ൽ 264 സംഭവങ്ങൾ ഉണ്ടായപ്പോൾ 2010-ൽ അത് 134 ആയി കുറയുകയാണ് ചെയ്തത്. കേരളത്തിൽ പൊതുവേ രാഷ്ട്രീയ സംഘട്ടനങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട കെ.പി. മോഹനൻ പറഞ്ഞതുപോലെ ഇല്ലാതായിട്ടില്ല. മലബാർ മേഖലയിൽ കണ്ണൂർ, കോഴിക്കോട് റൂറൽ, എന്നിവിടങ്ങളിലാണ് അടുത്ത കാലത്ത് ചില രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായത്. പോലീസ് ഊർജ്ജിതമായി പ്രവർത്തിച്ചതിന്റെ ഫലമായി അത് നിയന്ത്രിക്കുന്നതിനും സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും ഈ പ്രദേശത്ത് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് മാസത്തെ കണക്ക് നോക്കിയാൽ മലബാർ മേഖലയിൽ മലപ്പുറം, വയനാട്, കോഴിക്കോട് സിറ്റി, കാസർഗോഡ് ജില്ലാ പരിധികളിൽ ചെറിയ തോതിൽ രാഷ്ട്രീയ സംഘട്ടനങ്ങളുണ്ടായതായി കാണാം. ഈ രാഷ്ട്രീയ സംഘട്ടനത്തിൽ ഐ.യു.എം.എൽ., ബി.ജെ.പി., എസ്.ഡി.പി. ഐ, കോൺഗ്രസ്സ്, സി.പി.ഐ.(എം) മുതലായ രാഷ്ട്രീയ പാർട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നാണ് റിപ്പോർട്ട്. കണ്ണൂർ ജില്ലയിൽ കഴിഞ്ഞ രണ്ടുമാസത്തിനിടയിൽ 92 രാഷ്ട്രീയ സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ കണ്ണൂരിലെ കണ്ണപുരം പോലീസ് സ്റ്റേഷനതിർത്തിയിൽ ഒരു സി.പി.ഐ.(എം) പ്രവർത്തകനായ പി.പി. മനോജാണ് കൊല ചെയ്യപ്പെട്ടത്. ആർ.എസ്.എസ്.-കാരാണ് ഈ കൊലപാതകം നടത്തിയതെന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് റൂറലിൽ 66 കേസുകളും കോഴിക്കോട് സിറ്റിയിൽ 9-ഉം മലപ്പുറം ജില്ലയിൽ 6-ഉം കാസർകോഡ് ജില്ലയിൽ 27-ഉം കേസ്സുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വയനാട് ജില്ലയിൽ രാഷ്ട്രീയ സംഘട്ടനങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മലബാർ മേഖലയിലെ കണ്ണൂർ, കോഴിക്കോട്, കാസർകോഡ് ജില്ലകളിലുണ്ടായ 201 രാഷ്ട്രീയ സംഘട്ടനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് കഴിഞ്ഞ് നിലനിന്ന രാഷ്ട്രീയ അന്തരീക്ഷവുമായി ബന്ധപ്പെട്ട് വന്നുചേർന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംഘട്ടനങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ച് നിയന്ത്രണ വിധേയമാക്കാൻ ഇടപെടാറുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കളെയും സാമൂഹ്യ പ്രവർത്തകരെയും പങ്കെടുപ്പിച്ച് ഈ വിധത്തിലുള്ള ഇടപെടൽ നടത്തിക്കൊണ്ടാണ് ഇതിൽ മാറ്റങ്ങൾ വരുത്തുന്നത്. ബഹുമാനപ്പെട്ട കെ. പി. മോഹനനും ഈ സംരംഭത്തിൽ നിരവധി സന്ദർഭത്തിൽ ഇടപെട്ട ഒരു പൊതു പ്രവർത്തകനാണ്. സംഘർഷമുണ്ടായിരുന്ന സന്ദർഭങ്ങളിലെല്ലാം പോലീസ് സാധാരണ ഗതിയിൽ ചെയ്യുന്ന പിക്കറ്റിംഗ് പട്രോളിംഗ് തുടങ്ങിയ നടപടികളൊക്കെ സ്വീകരിക്കാറുണ്ട്. രാഷ്ട്രീയ സംഘർഷങ്ങൾക്ക് സാധ്യതയുള്ള മിക്ക വിഷയങ്ങളും മുൻകൂട്ടി അറിയാൻ പോലീസ് ഇന്റലിജൻസ് സംവിധാനം ശ്രമിക്കുന്നുണ്ട്. ഇങ്ങനെ വിവരങ്ങൾ കിട്ടുമ്പോൾ പോലീസ് അവിടെ കൂടുതൽ ഇടപെടൽ നടത്തി അത് ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. വളരെക്കാല മായി രാഷ്ട്രീയ സംഘർഷങ്ങൾ നടന്നുവരുന്ന ഒരു മേഖലയാണ് പാനൂർ. മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞിരിക്കുകയാണ്. അത് ശ്രീ. കെ. പി. മോഹനനുതന്നെ അറിയാമായിരിക്കും. ഒരു കാലത്ത് ഞങ്ങൾക്കൊന്നും അങ്ങോട്ട് നടന്നുപോകാൻ പറ്റാത്ത സ്ഥലമായിരുന്നു. അതൊക്കെ മെമ്പർക്ക് അറിയാവുന്ന കാര്യമായതുകൊണ്ട് ഓർമ്മിപ്പിക്കുന്നില്ല. ഇപ്പോൾ അദ്ദേഹം പ്രകടിപ്പിച്ച ഈ വികാരം ഒരു അൻപത് കൊല്ലം മുൻപ് തോന്നിയിരുന്നുവെങ്കിൽ പാനൂരിൽ യാതൊരു കുഴപ്പവുമുണ്ടാകുമായിരുന്നില്ല. ആ സ്ഥിതിയിൽ നിന്ന് പാനൂർ വളരെയധികം മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ വീട്ടിൽ നടന്ന സംഭവവുമായി ബന്ധപ്പെട്ട് ഞാൻ ആ വീട് സന്ദർശിച്ചു. അന്ന് അദ്ദേഹം വേണ്ടത്ര തെളിവുകൾ നൽകാൻ തയ്യാറായില്ല. ഇപ്പോൾ കുറച്ച് തെളിവുകൾ കിട്ടിയിട്ടുണ്ട്. അതിൽപ്പെട്ട ആളുകളെ മനസ്സിലാക്കി. പ്രതികളിൽ നാല് ബി.ജെ.പി.ക്കാരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ആ സംഭവം ചെയ്തത് ബി.ജെ.പിക്കാരാണെന്ന് വ്യക്തമായിട്ടുണ്ട്. ശ്രീ. കെ. പി. മോഹനൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ ഓഫീസുകൾക്ക് നേരെ നടത്തിയ ആക്രമണത്തിൽ ബി.ജെ.പി., ആർ.എസ്.എസ്-കാരെയാണ് കണ്ടെത്തിയിട്ടുള്ളത്. ആയുധ നിർമ്മാണം ആര് നടത്തുന്നതായാലും കണ്ടെത്താനും അതിന്റെ ഉറവിടം തകർക്കാനും ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ ബന്ധപ്പെട്ടവരെയെല്ലാം ഇടപെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ജയിലിൽ കിടക്കുന്നവർക്ക് നിയമപരമായ അവകാശമാണ് പരോൾ. അത്യാവശ്യ ഘട്ടങ്ങളിൽ പോലീസ് ഓഫീസർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് മാത്രമേ പരോൾ നൽകാറുള്ളൂ. അത് വ്യത്യസ്തമായിട്ടൊന്നുംതന്നെ സർക്കാർ ചെയ്യാറില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ ശാശ്വത സമാധാനം ഉണ്ടാകണം. അതിന് ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങൾ ഗവൺമെന്റിന് നൽകാൻ സാധിക്കുമോ അതൊക്കെ നൽകാം. അതിനുവേണ്ടി ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി സഹായം സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്. പ്രതികളെ പിടികൂടുന്നതിനാവാശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ബന്ധപ്പെട്ടവരെ വിളിച്ച് ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പോലീസ് ഒരു ടീമായിനിന്ന് ഇത്തരം പ്രശ്നങ്ങൾ നേരിടാൻ സന്നദ്ധമാണ്. അതിന് എല്ലാ വരുടെയും സഹകരണം വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, അർദ്ധരാത്രി നടന്ന സംവഭമായതു കൊണ്ടാണ് ഞങ്ങൾക്ക് ആരാണെന്ന് പറയാൻ സാധിക്കാത്തത്. അവർ ആർ.എസ്.എസ്.-കാരാണെന്ന് പിടിക്കപ്പെട്ടവർ തന്നെ സമ്മതിച്ചിട്ടുണ്ട്. ഇവിടെ ബോംബുകൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തണം. അല്ലെങ്കിൽ എല്ലാവർക്കും ബോംബുകൾ നൽകാനുള്ള നടപടികളുമായി മുന്നോട്ട് പോകണം. ഈ സർക്കാൻ അധികാരത്തിൽ വന്നതിനുശേഷം ഞാൻ ഫയർ സ്റ്റേഷൻ ആവശ്യപ്പെട്ടു, തന്നില്ല. അതുകൊണ്ട് ഒരു ബോംബ് ഫാക്ടറിയെങ്കിലും എന്റെ മണ്ഡലത്തിൽ അനുവദിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാനൂരിൽ ഏറ്റവും കൂടുതൽ ബോംബ് ഉണ്ടാക്കിയത് ആരുടെ കാലത്താണെന്ന് എനിക്ക് അറിയാം. അത് ഇപ്പോൾ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇതെല്ലാം പണ്ട് ശ്രീ. കെ. പി. മോഹനന്റെ പാർട്ടിയിലായിരുന്ന ആളുകൾ, അവരെല്ലാം മറ്റുപല പാർട്ടികളിലും പോയി. അവർ ബോംബ് നിർമ്മാണത്തിലും മറ്റും ഏർപ്പെട്ടതുകൊണ്ടാണ് ഈ സ്ഥിതി ഇപ്പോൾ ഇവിടെ ഉണ്ടായത്. പാനൂരിന്റെ ചരിത്രമൊന്നും എന്നെക്കൊണ്ട് പറയിപ്പിക്കരുത്. ബോംബ് നിർമ്മാണം എത് പാർട്ടിക്കാർ നടത്തിയാലും പാർട്ടിക്കാരല്ലാത്ത ആളുകൾ നടത്തിയാലും അത് കണ്ടുപിടിക്കുകയും അവരെ നിയമത്തിന്റെ മുമ്പിൽ എത്തിക്കുകയും ചെയ്യും. അതുകൊണ്ട് ശ്രീ. കെ.പി. മോഹനൻ ഇപ്പോൾ ആവശ്യപ്പെട്ട ബോംബ് നിർമ്മാണശാല, അത് ഇവിടെ അനുവദിക്കുകയില്ല എന്നുമാത്രമല്ല അങ്ങനെയുള്ള ഉറവിടം തകർക്കുകയും ചെയ്യും. അതിനുവേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കും. അവിടെ പോലീസ് സ്റ്റേഷനും ഫയർസ്റ്റേഷനും വേണ്ട, ബോംബ് നിർമ്മാണശാല വേണമെന്ന് ആവശ്യപ്പെടുന്ന അവസ്ഥയിലേക്ക് ബഹുമാനപ്പെട്ട എം.എൽ.എ. എത്തിയത് രാഷ്ട്രീയമായ അധഃപതനമാണെന്നാണ് എനിക്ക് പറയാനുള്ളത്.

2. ശബരിമല മാസ്റ്റർ പ്ലാൻ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പുല്ലുമേട് ദുരന്തത്തിൽ അവിചാരിതമായി മരണമടഞ്ഞ ഭക്തരുടെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുകയാണ്. ശബരിമല സന്നിധാനത്തിലേക്ക് എളുപ്പ മാർഗ്ഗത്തിൽ എത്തിച്ചേരുന്നതിനുള്ള കാനനപാതയാണ് വള്ളക്കടവ്-പുല്ലുമേട് റോഡ്. അതോടൊപ്പം ഏലപ്പാറ-മ്ലാമല-വണ്ടിപ്പെരിയാർ, അരണക്കൽ-ശബരിമല സത്രം, കല്ലാർ -ഗ്രാമ്പി-ശബരിമല തുടങ്ങിയ റോഡുകളിലൂടെയും അയ്യപ്പഭക്തന്മാർ പുല്ലുമേട്ടിലേക്ക് എത്തിച്ചേരുന്നുണ്ട്. പഞ്ചാലിമേട് പരുന്തുംപാറ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് അയ്യപ്പ ഭക്തർ മകര വിളക്ക് ദർശനം നടത്താറുണ്ട്. ഇവിടെ എത്തിച്ചേരുന്ന അയ്യപ്പഭക്തർ ശബരിമല ദർശനം നടത്തി മകരവിളക്ക് കണ്ട് മടങ്ങുകയാണ് ചെയ്യുന്നത്. അതാണുരീതി. പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായതിനാൽ മണ്ഡലകാലം ആരംഭിച്ച് പകുതി ദിവസങ്ങൾ കഴിഞ്ഞാണ് ഇവിടെ മകരവിളക്ക് ദർശനത്തിന് തീർത്ഥാടകർക്ക് അനുമതി കൊടുക്കുക. ഇവിടെ എത്തുന്ന അയ്യപ്പ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇനിയൊരു ദുരന്തം ഒരിക്കലും ഉണ്ടാകാതിരിക്കുന്നതിനും വണ്ടിപ്പെരിയാർ, കുമളി, പീരുമേട് പെരുവന്താനം, ഏലപ്പാറ,